മുല്ലപ്പെരിയാർ അണക്കെട്ട്

19 (*79) ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ ഡാമിന്റെ ജലനിരപ്പുയർത്താൻ അനുവദിച്ച സുപ്രീംകോടതി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് വിലക്കിയിട്ടുണ്ടോ ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാനായി ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ ;

(സി) ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനും, അതിനായി കേന്ദ്രാനുമതി നേടിയെടുക്കാനും എന്തെല്ലാം ശ്രമങ്ങൾ നടത്തി ; വിശദമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി വിലക്കുകൾ ഏർപ്പെടുത്തിയിട്ടില്ല.

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പര്യവേഷണ ജോലികൾ നടത്തി alignment കണ്ടെത്തുകയും ഡാമിന്റെ രൂപകല്പന നടത്തി feasibility report and Detailed Project Report എന്നിവ തയ്യാറാക്കി കേന്ദ്രസർക്കാരിനും അനന്തരം, Empowered Committee-യ്ക്കും സമർപ്പിക്കുകയുണ്ടായി. നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ 31-ാമത് സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പുതിയ ഡാം മുല്ലപ്പെരിയാറിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം (EIA Study) നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വനംവകുപ്പിന്റെ സഹകരണത്തോടെ ഇതു സംബന്ധിച്ച തുടർ നടപടികൾ നടന്നുവരുന്നു. പരിസ്ഥിതി ആഘാത പഠനത്തിനു പുറമേ Geological Survey of India നിർദ്ദേശിച്ച അധിക borehole എടുക്കുന്നതിനും വനം വകുപ്പിന്റെ അനുമതിയ്ക്കായുള്ള നിർദ്ദേശം (proposal) ടി വകുപ്പിന് നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ അണക്കെട്ടിനായുള്ള പഠനത്തിന് കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിൽ (MOEF) നിന്നും അംഗീകാരം നേടുകയും പഠനത്തിനുശേഷം പുതിയ അണക്കെട്ടിന്റെ Detailed Project report (DPR), തയ്യാറാക്കി കേന്ദ്ര സർക്കാരിനും Empowered Committee-യ്ക്കും സമർപ്പിക്കുകയുണ്ടായി. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് വേണ്ടിയുള്ള എൻ.ഒ.സി-യ്ക്കായി (NOC) ; വനം വകുപ്പ് മുഖേന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും പരിസ്ഥിതി ആഘാത പഠനത്തിനായി നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അംഗീകാരം നേടുകയുമുണ്ടായി. സംസ്ഥാന വനം വകുപ്പിന്റെ കൂടി സഹകരണത്തോടെ പരിസ്ഥിതി ആഘാത പഠനം നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുവരുന്നു.

കടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

20 (*80) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ വരൾച്ചകാരണം സംസ്ഥാനത്താകെ കടിവെള്ളക്ഷാമം നേരിടുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-ൽ സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയെ തുടർന്ന് പ്രഖ്യാപിച്ച 505 കോടി രൂപയുടെ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly